**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 841

30.11.2018 ലെ മറുപടിയ്ക്ക്.

## മോഡൽ റസിഡൻഷ്യൽ സ്കൂൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.കൃഷ്ണൻ** | **എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോത്ത് അനുവദിച്ച മോഡൽ റസിഡൻഷ്യൽ സ്കൂൾ തുടങ്ങുന്നതിനാവശ്യമായ ഭരണാനുമതി നൽകുന്ന നടപടികൾ ഏത് വരെയായെന്ന് വ്യക്തമാക്കാമോ ; | (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ കണ്ണൂർ ജില്ലയിലെ പെരിങ്ങോത്ത് (പയ്യന്നൂർ മണ്ഡലം) ഒരു എം.ആർ.എസ് ആരംഭിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് നിർമ്മാണ ഏജൻസി. നിർമ്മാണം ആരംഭിക്കുന്നതിന് പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്കൂൾ തുടങ്ങുവാൻ ആവശ്യമായ ഭരണാനുമതി ഏത് വകുപ്പാണ് നൽകേണ്ടത് ; | (ബി), (സി) & (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പാണ് അനുമതി നൽകേണ്ടത്.<br>ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (സി) | ഭരണാനുമതിക്കായുള്ള ഫയൽ ഏത് വകുപ്പിൽ ഏത് സെക്ഷനിൽ ആണ് ഉള്ളത്. | | |
| (ഡി) | ഭരണാനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ; | | |
| (ഇ) | നടപടികൾ പൂർത്തീകരിച്ച് ഏത് അക്കാദമിക് വർഷം മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തനം തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | (ഇ) | 2019-20 അക്കാദമിക വർഷത്തിൽ എം.ആർ.എസിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ